# MALAYALA MANORAMA - 27-06-2025

# ഐസിഎആർ സിഫ്റ്റിൽ ശിൽപശാല

കൊച്ചി● കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ കേന്ദ്രമായ ഐസിഎആർ സിഫ്റ്റിൽ മത്സ്യ മേഖലയിലെ ട്രേസിബിലിറ്റിയെപ്പറ്റിയുള്ള ശിൽപശാല സംഘടിപ്പിച്ചു. കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി സാഗർ മെഹ്റ ഉദ്ഘാടനം ചെയ്തു.

ഐസിഎആർ ഡപ്യൂട്ടി ഡയറക്ടർ ജനറൽ (ഫിഷറീസ്) ഡോ. ജെ.കെ.ജെന അധ്യക്ഷത വഹിച്ചു. എംപിഇഡിഎ ചെയർമാൻ ദൊഡ്ഡ വെങ്കട്ട സ്വാമി, സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, ഉത്തരാഖണ്ഡിലെ ഫിഷറീസ് സെക്രട്ടറി ഡോ. ബി.വി.ആർ.സി.പുരുഷോത്തം, നാഷനൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹ്റ, എപിഇഡിഎ മുൻ ഡയറക്ടർ സഞ്ജയ് ദേവ്, സിഫ്റ്റ് ക്വാളിറ്റി അഷ്വറൻസ് വിഭാഗം മേധാവി ഡോ. എ.എ.സൈനുദ്ദീൻ എന്നിവർ പ്രസംഗിച്ചു.